REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 29.05.2025** | **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- കഴിഞ്ഞ ദശകത്തിൽ കേന്ദ്ര ഗവൺമെന്റ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ വികസനത്തിന്റെ കേന്ദ്രമായി ഉയർത്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- ഭീകരതയ്ക്കെതിരെ ഇന്ത്യൻ നിലപാട് ലോക രാജ്യങ്ങളെ അറിയിക്കാൻ രൂപികരിച്ച പാർലമെന്ററി സർവകക്ഷി സംഘത്തിന്റെ പര്യടനം തുടരുന്നു.
- സംസ്ഥാനത്തെ 86 മുൻസിപ്പാലിറ്റികളിലും, ആറു കോർപ്പറേഷനുകളിലും നടന്ന വാർഡ് വിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു.
- IPL ക്രിക്കറ്റ് ഒന്നാം ക്വാളിഫയർ മത്സരത്തിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗലൂരു, പഞ്ചാബ് കിംഗ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

കഴിഞ്ഞ ദശകത്തിൽ കേന്ദ്ര ഗവൺമെന്റ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ വികസനത്തിന്റെ കേന്ദ്രമായി ഉയർത്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ആക്റ്റ് ഫാസ്റ്റ് എന്ന പ്രത്യയശാസ്ത്രത്തോടെയാണ് വടക്കുകിഴക്കൻ മേഖലയ്ക്കായി പ്രവർത്തിക്കുന്നതെന്നും പ്രധാനമന്ത്രി സിക്കിമിൽ പറഞ്ഞു. സിക്കിമിൽ നിരവധി വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിട്ടു. സിക്കിം സംസ്ഥാന രൂപീകരണത്തിന്റെ 50-ാം വാർഷികത്തിന്റെ സ്മാരക നാണയം, സുവനീർ നാണയം, സ്റ്റാമ്പ് എന്നിവ നരേന്ദ്ര മോദി പുറത്തിറക്കി.

✪✪✪

കേന്ദ്ര സാഹിത്യ അക്കാദമിയുമായി സഹകരിച്ച് രാഷ്ട്രപതി ഭവൻ സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ സാഹിത്യ സമ്മേളനം ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്യും. രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിലെ പരിപാടിയിൽ കവിസമ്മേളനം, ഇന്ത്യയിലെ ഫെമിനിസ്റ്റ് സാഹിത്യം, സാഹിത്യത്തിലെ മാറ്റവും മാറ്റത്തിന്റെ സാഹിത്യവും, തുടങ്ങിയ വിവിധ വിഷയങ്ങളിൽ സെഷനുകൾ നടത്തും.

ദേവി അഹല്യഭായ് ഹോൾക്കറുടെ കഥാവതരണത്തോടെ സമ്മേളനം അവസാനിക്കും.

✪✪✪

ഭീകരപ്രവർത്തനം ലാഭകരമല്ലെന്നും അതിന് വലിയ വില നൽകേണ്ടി വരുമെന്നും പാകിസ്ഥാൻ തിരിച്ചറിഞ്ഞുവെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി വാർഷിക ബിസിനസ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭീകരതയ്ക്കെതിരായ തന്ത്രവും പ്രതികരണവും ഇന്ത്യ പുനർനിർവചിച്ചിട്ടുണ്ട്. പാകിസ്ഥാനുമായി ഇന്ത്യയുടെ ഇടപെടലും സംഭാഷണത്തിന്റെ വ്യാപ്തിയും പുനഃക്രമീകരിച്ചിരിക്കുന്നു. ഇനി ചർച്ചകളുണ്ടാകുമ്പോഴെല്ലാം അത് ഭീകരതയെക്കുറിച്ചും പാക് അധീന കാശ്മീരിന കുറിച്ചും മാത്രമായിരിക്കുമെന്നും രാജ്നാഥ് സിംഗ് വ്യക്തമാക്കി.

ഓപ്പറേഷൻ സിന്ദൂറിൽ, രാജ്യത്തെ മുഴുവൻ ജനങ്ങളും മെയ്ക്ക് ഇൻ ഇന്ത്യ കാമ്പെയ്നിന്റെ വിജയം കാണുകയും മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്തു. ഇന്ത്യയുടെ സുരക്ഷയ്ക്കും സമൃദ്ധിക്കും മെയ്ക്ക് ഇൻ ഇന്ത്യ പ്രധാനമാണെന്ന് തെളിയിക്കപ്പെട്ടുവെന്നും അത് ദേശീയ സുരക്ഷയുടെ അനിവാര്യ ഘടകമാണെന്നും രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

✪✪✪

ഭീകരതയ്ക്കെതിരെ ഇന്ത്യൻ നിലപാട് ലോക രാജ്യങ്ങളെ അറിയിക്കാൻ രൂപികരിച്ച പാർലമെന്ററി സർവകക്ഷി സംഘത്തിന്റെ പര്യടനം തുടരുന്നു. അതിർത്തി ഭീകരതയ്ക്കെതിരെ ഇന്ത്യ ഉറച്ച നിലപാടാണ് സ്വീകരിക്കുന്നതെന്നും രാജ്യത്തിന് നേരെയുണ്ടാകുന്ന ആക്രമണങ്ങൾക്ക് ശക്തമായ തിരിച്ചടി നൽകുമെന്നും പനാമയിൽ

**സർവ്വകക്ഷി സംഘത്തെ നയിക്കുന്ന കോൺഗ്രസ് M.P ശശി തരൂർ പറഞ്ഞു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)....**

**പഹൽഗാം ഭീകരാക്രമണം ഇന്ത്യയുടെയും കശ്മീരിന്റെയും സമ്പദ്വ്യവസ്ഥയെ തകർക്കാൻ പാകിസ്ഥാൻ സൈന്യം തയ്യാറാക്കിയ ഗൂഢ ലക്ഷ്യങ്ങളുടെ ഭാഗമാണെന്നും ശശി തരൂർ അഭിപ്രായപ്പെട്ടു.**

**NCP എംപി സുപ്രിയ സുലെയുടെ നേതൃത്വത്തിൽ സർവകക്ഷി പ്രതിനിധി സംഘം ദക്ഷിണാഫ്രിക്കൻ പാർലമെന്റിൽ മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തി.ഇന്ത്യയ്ക്കൊപ്പം നിൽക്കുമെന്ന് മന്ത്രിമാർ വാഗ്ദാനം ചെയ്തതായി സുപ്രിയ സുലെ പറഞ്ഞു.**

**BJP എംപി ബൈജയന്ത് പാണ്ഡയുടെ നേതൃത്വത്തിൽ മറ്റൊരു പ്രതിനിധി സംഘം സൗദി അറേബ്യയിലെ റിയാദിൽ വിദേശകാര്യ സഹമന്ത്രി ആദേൽ ബിൻ അഹമ്മദ് അൽ ജുബൈറുമായി കൂടിക്കാഴ്ച്ച നടത്തി. ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ഏകോപിത നടപടിയും പാക്കിസ്ഥാനിലെ തീവ്രവാദ അടിസ്ഥാന സൗകര്യങ്ങൾ തകർത്തതും യോഗത്തിൽ പാണ്ഡ വിശദീകരിച്ചു.**

**റോമിൽ, BJP എംപി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിൽ സർവകക്ഷി പ്രതിനിധി സംഘം വിദേശകാര്യ സുരക്ഷാ നേതാക്കളുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ, ഇറ്റലി, പാർലമെന്ററി സൗഹൃദ ഗ്രൂപ്പുമായി പ്രതിനിധിസംഘം ആശയവിനിമയം നടത്തി. ആഗോള ഭീകരതയ്ക്കെതിരെ ഇരുരാജ്യങ്ങൾക്കും കൃത്യമായ നിലപാടുണ്ടെന്നും രവിശങ്കർ പ്രസാദ് പറഞ്ഞു. ശിവസേനാ MP ശ്രീകാന്ത് ഷിൻഡെ നേതൃത്വം നൽകിയ സംഘം കോംഗോ യിലെത്തി.**

**JDU MP സഞ്ജയ് ഝായുടെ നേതൃത്തിലെ സംഘം ഇന്തൊനേഷ്യൻ വിദേശകാര്യ ഉപ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. DMK MP കനിമൊഴി കരുണാനിധിയുടെ നേതൃത്വത്തിലെ സംഘത്തിന് ഗ്രീസിൽ ഗ്രീക്ക് പാർലമെന്ററി പ്രതിനിധി സംഘം സ്വീകരണം നൽകി. ഭീകരതയ്ക്കെതിരായ നീക്കത്തിൽ ഇന്ത്യക്കൊപ്പം ചേരുന്ന ഗ്രീക്ക് ഭരണാധികാരികളെ കനിമൊഴി നന്ദിയറിയിച്ചു.**

✪✪✪

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഈ വർഷം ഇന്ത്യ സന്ദർശിക്കുമെന്ന് ക്രെംലിൻ സ്ഥിരീകരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണത്തെ തുടർന്നാണ് സന്ദർശനം.

2021-ൽ ന്യൂഡൽഹിയിൽ നടന്ന 21-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാനാണ് റഷ്യൻ പ്രസിഡന്റ് അവസാനമായി ഇന്ത്യ സന്ദർശിച്ചത്. കഴിഞ്ഞ വർഷം പ്രധാനമന്ത്രി മോദി രണ്ട് തവണ റഷ്യ സന്ദർശിച്ചിരുന്നു.

✪✪✪

കണ്ണൂർ ചിറക്കൽ റെയിൽവേ സ്റ്റേഷൻ തുറന്നു പ്രവർത്തിക്കുന്നതിന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് നിർദ്ദേശം നൽകിയതായി BJP കണ്ണൂർ നോർത്ത് ജില്ലാ പ്രസിഡണ്ട് K.K വിനോദ് കുമാർ അറിയിച്ചു. ഇക്കാര്യം കേന്ദ്രമന്ത്രി BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖറിനെ അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു.

✪✪✪

യു.എസ് സന്ദർശിക്കുന്ന വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി, US ഡെപ്യൂട്ടി വിദേശകാര്യ സെക്രട്ടറി ക്രിസ് ലാൻഡൗ-വുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-US സമഗ്ര ആഗോള തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തു.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

പത്തനംതിട്ടയിലെ മണിമല നദിയിൽ ഓറഞ്ചും, കോട്ടയത്തെ മീനച്ചിൽ, കോഴിക്കോട് കോരപ്പുഴ, വയനാട്ടിലെ കബനി എന്നീ നദികളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. നദീതീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

കാഞ്ഞിരപ്പുഴ ഡാമിന്റെ വൃഷ്ടിപ്രദേശത്ത് മഴ ശക്തമായതിനാൽ ജലനിരപ്പ് 93.5 മീറ്ററിലെത്തിയാൽ ഷട്ടറുകൾ അഞ്ച് സെന്റീമീറ്റർ വീതം

ഉയർത്തുമെന്ന് അധികൃതർ. ഭയപ്പെടേണ്ട സാഹചര്യമില്ലെന്നും അറിയിപ്പ്.

✪✪✪

മണ്ണിടിച്ചിൽ മൂലമുണ്ടായ തടസ്സം നീക്കിയതിനാൽ കണ്ണൂർ കൊട്ടിയൂർ - പാൽചുരം റോഡിലൂടെ ഗതാഗതം പുനഃസ്ഥാപിച്ചതായി കണ്ണൂർ ജില്ലാ കലക്ടർ അറിയിച്ചു. എന്നാൽ രാത്രി യാത്രയ്ക്ക് നിയന്ത്രണം ഉണ്ടായിരിക്കും.

✪✪✪

റെഡ് അലർട്ട് പ്രഖ്യാപിച്ച ഇടുക്കിയിൽ ഇന്നലെ ഉച്ച മുതൽ തുടങ്ങിയ കനത്ത മഴ ഇപ്പോഴും തുടരുകയാണ്. വിവിധയിടങ്ങളിൽ മണ്ണിടിച്ചിലും മരം വീഴ്ച്ചയും ഉണ്ടായതിനെ തുടർന്ന് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഇടുക്കി ജില്ലാ ഭരണകൂടം കർശന ജാഗ്രത പാലിക്കുന്നുണ്ട്.

✪✪✪

സംസ്ഥാനത്തെ 86 മുൻസിപ്പാലിറ്റികളിലും, ആറു കോർപ്പറേഷനുകളിലും നടന്ന വാർഡ് വിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഡീലിമിറ്റേഷൻ കമ്മീഷൻ യോഗമാണ് അന്തിമവിജ്ഞാപനം അംഗീകരിച്ചത്.

സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വാർഡുകളുടെ എണ്ണം പുനർനിശ്ചയിച്ച് ഗവണ്മെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് മുനിസിപ്പാലിറ്റികളിൽ ഏറ്റവും കുറഞ്ഞത് 26 ഉം , കൂടിയത് 53 വാർഡുകളുമുണ്ടാകണം. കോർപ്പറേഷനുകളിൽ അവ യഥാക്രമം 56 ഉം 101 ഉം ആണ്. 2011 ലെ സെൻസസ് അടിസ്ഥാനമാക്കിയാണ് വാർഡുകളുടെ എണ്ണം പുതുക്കിയത്.

ഡീലിമിറ്റേഷൻ പ്രക്രിയയുടെ ആദ്യഘട്ടം പൂർത്തിയായതോടെ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചാത്തുകളിൽ 17,337 വാർഡുകളും, 87 മുനിസിപ്പാലിറ്റികളിൽ 3,241 വാർഡുകളും, ആറ് കോർപ്പറേഷനുകളിൽ 421 വാർഡുകളുമാണുണ്ടാകുക.

രണ്ടാംഘട്ടത്തിൽ 152 ബ്ളോക്ക് പഞ്ചായത്തുകളുടെ വാർഡ് വിഭജനമാണ് നടക്കുക.

✪✪✪

സംസ്ഥാനത്ത് അടുത്ത മാസം ഒമ്പതിന് അർദ്ധ രാത്രി മുതൽ ജൂലൈ 31 അർദ്ധ രാത്രി വരെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുമെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു. ഇതിനായി തീരദേശ ജില്ലകളിൽ കൺട്രോൾ റൂം തുറക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. നിരോധന സമയത്ത് രക്ഷാപ്രവർത്തനങ്ങൾക്കും പെട്രോളിംഗിനുമായി 19 സ്വകാര്യ ബോട്ടുകൾ കൂടി വാടകയ്ക്കെടുക്കും. വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച മറൈൻ ആംബുലൻസ് പ്രവർത്തിക്കുമെന്നും സജി ചെറിയാൻ വ്യക്തമാക്കി.

✪✪✪

കേന്ദ്ര ഗവൺമെന്റ് നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചതിന്റെ പ്രയോജനം പൂർണ്ണമായും ലഭ്യമാകുമെന്ന പ്രതീക്ഷയിലാണ് പാലക്കാട്ടെ നെൽകർഷകർ. നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 69 രൂപ വർദ്ധിപ്പിക്കാൻ കഴിഞ്ഞ ദിവസം ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗമാണ് അനുമതി നൽകിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത്.

....(വോയ്സ്)........

✪✪✪

IPL ക്രിക്കറ്റ് ഒന്നാം ക്വാളിഫയർ മത്സരത്തിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗലൂരു പഞ്ചാബ് കിംഗ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മൊഹാലിയിലാണ് മത്സരം.

✪✪✪

കോഴിക്കോട് വിലങ്ങാട് മേഖലയിൽ പ്രതിപക്ഷ സംഘടനകൾ ആഹ്വാനം ഹർത്താൽ ജനജീവിതത്തെ ബാധിച്ചു. കഴിഞ്ഞ വർഷം ഉരുൾപ്പൊട്ടലിൽ നാശനഷ്ടം ഉണ്ടായ വിലങ്ങാട്ടെ പുനരധിവാസ പ്രവർത്തനങ്ങൾ വൈകുന്നതായി ആരോപിച്ചാണ് ഹർത്താൽ.

✪✪✪

എം.പി. വീരേന്ദ്രകുമാറിന്റെ ഓർമയ്ക്കായി മാതൃഭൂമി ഏർപ്പെടുത്തിയ നാഷണൽ തോട്ട് ലീഡർഷിപ്പ് പുരസ്കാരം അപ്പിക്കോ

**പ്രസ്ഥാനത്തിന്റെ സ്ഥാപകൻ പാണ്ഡുരംഗ ഹെഗ്ഡെയ്ക്ക് കോഴിക്കോട്ട് സമർപ്പിച്ചു. പരിസ്ഥിതി-ജലസംരക്ഷണ പ്രവർത്തകനായ രാജേന്ദ്രസിങ്ങാണ് പുരസ്കാരം സമർപ്പിച്ചത്.**

✪✪✪

**സംസ്ഥാനത്ത് സ്വർണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് 71,160 രൂപയാണ് ഇന്നത്തെ വില - ഗ്രാമിന് 40 രൂപ കുറഞ്ഞ് 8895 രൂപയായി.**

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team:രജ്ന കെ*
*DEO: ഷീബ*